## ജലനിധി രണ്ടാംഘട്ട പദ്ധതി

**181 (846)** ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലനിധി രണ്ടാംഘട്ട കുടിവെള്ള പദ്ധതിയുടെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികൾ വഴി ഇതുവരെ എത്ര കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കാൻ സാധിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പദ്ധതിക്കായി നീക്കിവച്ചിരുന്ന തുകയും അതിൽ എത്ര തുക ചെലവഴിച്ചെന്നും അറിയിക്കാമോ ;

(ഡി) ജലനിധി രണ്ടാം ഘട്ടത്തിനായി ലോകബാങ്കിൽനിന്ന് ലഭിച്ച വായ്പാ തുകയെത്രയെന്നും ഗ്രാമപഞ്ചായത്തുകൾ ചെലവഴിച്ച തുകയെത്രയെന്നും പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 31-5-2015 വരെയുള്ള കണക്കനുസരിച്ച് 33,037 കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്കായി 31-3-2015 വരെ നീക്കിവച്ച തുക 716.24 കോടി രൂപയും അതിൽനിന്ന് ചെലവഴിച്ചത് 321 കോടി രൂപയുമാണ്.

(ഡി) ഉണ്ട്. ജലനിധി രണ്ടാം ഘട്ടത്തിനായി നാളിതുവരെ ലോകബാങ്കിൽ നിന്നും ലഭിച്ച വായ്പാതുക 207.30 കോടി രൂപയാണ്. ഗ്രാമപഞ്ചായത്തുകൾ 75.54 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

## ജലവിഭവ വകുപ്പിന്റെ കീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

**182 (847)** ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധർമ്മടം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഏതൊക്കെ ഘട്ടങ്ങളിലാണെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly